HON'BLE MR. A. J. JOHN : ഒരു വലിയ അന്വേഷണം നടത്തിയിട്ടാണ് ഇതു് തീരുമാനിക്കേണ്ടതു്. ഒന്നാമതു് കെട്ടിടം വേണം. പിന്നെ, പൊതുജനങ്ങൾക്കും മറ്റും അവിടെ അതിനു സൗകര്യമുണ്ടോ എന്നു നോക്കണം. അതൊക്കെ അന്വേഷിച്ചുവേണം കാര്യങ്ങൾ തീരുമാനിക്കാൻ.

MR. EAPEN ARAKKAL : ഒരു കെട്ടിടം കഴിഞ്ഞു കിടപ്പുണ്ടെന്നു് ഗവ ണ്മെൻറിനെ അറിയിച്ചിട്ടും ഇതുവരെ ഒന്നും ചെയ്യാതിരുന്നതായിട്ടറിയാമോ ?

HON'BLE MR. A. J. JOHN : അതിനു ഞാൻ മറുപടി പറഞ്ഞു.

Potato cultivation at Vattavadai.

*286. DR. M. O. CHERIYAN (*Devicolam—General*): Will the Hon'ble Minister for Agriculture be pleased to state:

(*a*) is the Government aware that some disease is prevalent amongst the potato cultivation at Vattavadai which causes great damage to the crop; and

(*b*) if aware what attempt has been made by the agricultural department to find out the cause and advise remedial measures?

HON'BLE MR. V. O. MARKOS: (*a*) Yes.

(*b*) Cultivation of short duration varieties of potatoes showed less incidence of disease and seeds of these varieties are being got down for distribution among cultivators for planting.

MR. M. O. CHERIYAN : വല്ല നിവാരണമാർഗ്ഗങ്ങളും ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : സുഖക്കേടിന്റെ പ്രകൃതിക്കും ഇവിടത്തെ കാലാവസ്ഥയുടെ രീതിക്കും അതിനൊരു പ്രതിവിധി കണ്ടുപിടിക്കുന്നതിനു് അതു എളുപ്പമല്ല മഴ കൂടുതലുള്ള സീസനിലാണു് സുഖക്കേടു് ഉണ്ടാകുന്നതു്. Short duration പൊട്ടറ്റോ കൃഷി ചെയ്യുന്നതിനു സുഖക്കേടു കാണാറില്ല.

ഉപ്പുവ്യവസായം.

*287 MR. MOHAMMED MUSTAFA (*Pathanapuram —Muslim*) : താഴെക്കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉപ്പു വ്യവസായം ദേശീയമാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ നടപ്പിൽ വരും?

HON'BLE MR. T. K. NARAYANA PILLAI : (എ) ഉപ്പുവ്യവസായം ദേശീയമാക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) എപ്പോൾ നടപ്പിൽ വരുമെന്നു് തീർച്ച പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

MR. PONNARA G. SREEDHAR (*Nedumangaud II—General*) : വ്യവസായങ്ങൾ ദേശീയമാക്കുന്നതിനു് ഗവണ്മെൻറ് വല്ല പദ്ധതികളും രൂപീകരിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ പദ്ധതിയൊന്നുമില്ല. എന്നാൽ അടുത്ത ഇൻസ്റ്റൻസിൽ തന്നെ അതേപ്പറ്റി തീരുമാനിക്കുന്നതാണു്.

MR. KANNARA GOPALA PANICKER : അങ്ങനെ വേണമെന്നു നിശ്ചയിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അതിനു ഒരു പദ്ധതി തയാറാക്കണമെന്നുദ്ദേശിക്കുന്നുണ്ടു്.

MR. KANNARA GOPALA PANICKER : സ്റ്റേറ്റുകാൺഗ്രസ്സു് പാർട്ടി അങ്ങനെ നിശ്ചയങ്ങളും പാസ്സാക്കിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഈ കാര്യത്തിനു് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്നു് ഞാൻ തന്നെ മുൻപു് പ്രസ്താവിച്ചിട്ടുണ്ടു്. അതു് നിയമസഭയിൽ പാസ്സായ നിശ്ചയമനുസരിച്ചാണു്. അല്ലാതെ വേറെ ഏതേങ്കിലും സംഘടന നിശ്ചയങ്ങളും പാസാക്കിയിട്ടുള്ളതായി ഗവണ്മെൻറിനറിവില്ല.

MR. T. T. KESAVAN SASTRI (*Kunnatnad I—Pulaya*) : ഉപ്പുവ്യവസായം ഇപ്പോൾ നടത്തുന്നതെങ്ങനെ ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ ഫ്രൈവറു് ഏജൻസികളും മുഖാന്തരവും, സഹകാര്യവ്യക്തികളും അവരുടെ ഉത്തരവാദിത്വത്തിലും നടത്തിക്കൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KANNARA GOPALA PANICKER : ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും ഉപ്പുവ്യവസായം ഏതു തരത്തിലാണ് നടത്തുന്നതെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ആ സ്ഥലങ്ങളിൽ ഉപ്പുവ്യവസായം നടത്തുന്നില്ല.

പ്രൈവറ്റു ബസ്സ് സർവീസുകൾ.

* 288. MR. MOHAMMED MUSTAFA: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) നാല് മൈലിൽ അധികം ദൈർഘ്യമുള്ള ഏതെല്ലാം ലൈനുകളിലാണ് ഇപ്പോൾ പ്രൈവറ്റു ബസ്സ് സർവീസുകൾ നടക്കുന്നത് എന്നു പ്രസ്താവിക്കുമോ ?

(ബി) ആ ലൈനുകൾ ഗവണ്മെന്റു ഏറ്റെടുക്കാതിരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ ?

HON'BLE MR. K. R. ELANKATH : (എ) നാല് മൈലിൽ അധികം ദൈർഘ്യമുള്ള ലൈനുകളിൽ പ്രൈവറ്റു ബസ്സുകൾ ഓടുന്നുണ്ട്. അതിന്റെ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) പ്രത്യേക കാരണം ഒന്നുമില്ല.

MR. MOHAMMED MUSTAFA : സ്റ്റേറ്റുമെന്റ് വായിച്ചാൽ കൊള്ളാം.

HON'BLE MR. K. R. ELANKATH : വളരെ സമയമെടുക്കും എങ്കിലും വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly